പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1622 | 03.05.2017 ൽ മറുപടി നല്കേണ്ടത്. |

**ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കളുടെ സാന്നിധ്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ വസ്തുക്കളിൽ രാസ വസ്തുക്കൾ ഇല്ലെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | എ) | **ഭക്ഷ്യവസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ അയച്ച് പരിശോധന** നടത്തി പരിശോധനകളുടെ റിപ്പോർട്ട് അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു, ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെ രാസവസ്തുക്കൾ ചേർത്താലുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്ന സെമിനാറുകളും ക്ലാസ്സുകളും നടത്തി വരുന്നു.<br>2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി 908 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽപരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 58 ഭക്ഷ്യ പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തി. തുടർന്ന് കുറ്റക്കാർക്കെതിരെ ക്രിമിനൽകേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 199 ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള അഡ്ജുഡിക്കേഷൻ നടപടികൾ തുടങ്ങി.<br>ഇതു കൂടാതെ ഏപ്രിൽ മാസത്തിൽ 161 ഹോട്ടൽ/റെസ്റ്റോറന്റുകൾ പരിശോധന നടത്തി 3 സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 112 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. പിഴയിനത്തിൽ 7,62,000/- രൂപ ചുമത്തിയിട്ടുണ്ട്.<br>ഇതു കൂടാതെ സംസ്ഥാനത്തെ ബേക്കറി, ജ്യൂസ് സ്റ്റാളുകൾ, ഐസ്ക്രീം പാർലറുകൾ, എല്ലാത്തരം ജ്യൂസുകളും വിൽക്കുന്ന വഴിയോര തട്ടുകടകൾ എന്നിവിടങ്ങളിലും കർശന പരിശോധനകൾ നടത്തി.<br>ഇത്തരം 523 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ ഗുരുതരമായ ലംഘനങ്ങൾ കണ്ടെത്തിയ 7 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കൂടാതെ 256 കടകൾക്ക് നോട്ടീസ് നൽകി പിഴയിനത്തിൽ 5.5ലക്ഷം രൂപ ചുമത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ